എൻ.സി.ഡി.സി. വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാനും 31-3-2010 വരെയുള്ള ബാങ്ക് വായ്പയുടെ നൂറ് ശതമാനവും പലിശയുടെ ഇരുപത്തിയഞ്ച് ശതമാനവും (എൻ.പി.എ. ആകുന്നതുവരെയുള്ള) തിരിച്ചടവ് നടത്താനും ഐ.സി.ഡി.പി. ലോൺ കുടിശ്ശിക നൽകുന്നതിനും സംഘത്തിലെ പഴയ സ്റ്റോക്കിനും സഹായം നൽകുന്നതാണ്.

(ബി) ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട സംഘങ്ങൾക്കായി കേന്ദ്ര സംസ്ഥാന വിഹിതമുൾപ്പെടെ 29.01 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. രണ്ടാംഘട്ടത്തിൽ പ്രാഥമിക സംഘങ്ങൾക്കും ഹാന്റെക്സ്, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്കുമായി കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 180.73 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണ സംഘം അസോസിയേഷൻ 30-10-2014-ൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ജില്ലാ ബാങ്കുകളുടെ മറുപടി ലഭിച്ചശേഷം തീരുമാനമെടുക്കുന്നതാണ്.

വാഴാതി-വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

229 (4220) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വാഴാതി - വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ മിൽ ഇപ്പോൾ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് ; മില്ലിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ബാദ്ധ്യതയുള്ളത് ; അത് എത്ര തുക വരും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വാഴാനി-വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി മുപ്പത് കോടി രൂപയുടെ നവീകരണ പദ്ധതി എൻ.സി.ഡി.സി.-യുടെ ധനസഹായത്താൽ നടത്തുന്നതിലേക്കുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. അത്യാവശ്യ അറ്റകുറ്റപ്പണികൾ തീർത്ത് മെഷീനറികൾ പ്രവർത്തിപ്പിക്കുന്നതിലേക്കായി 132.4 ലക്ഷം രൂപ 2013-14 ബഡ്ജറ്റിൽ അനുവദിക്കുകയും അതുപയോഗിച്ച് അറ്റകുറ്റപ്പണികൾ തീർത്ത് ഏകദേശം 13000 സ്പിന്റിലുകൾ ഉൽപ്പാദനക്ഷമത കൈവരിച്ച് പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എൻ.സി.ഡി.സി. അംഗീകാരത്തോടെ നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ നവംബർ 30-ാം തീയതി വരെ മില്ലിന്റെ നഷ്ടം 4.10 കോടി രൂപയും നാളിതുവരെയുള്ള നഷ്ടം 41.83 കോടി രൂപയുമാണ്. അസംസ്കൃത വസ്തുക്കൾ വാങ്ങിയ വകയിൽ 79.06 ലക്ഷം രൂപയും മറ്റ് ബാദ്ധ്യതകൾ 880.02 ലക്ഷം രൂപയും നൽകാനുണ്ട്.

മറ്റ് ബാദ്ധ്യതകൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു :

	ലക്ഷം രൂപ
ഇലക്ട്രിസിറ്റി ചാർജ്ജ്	684.87
പി.എഫ്.	104.27
ഇ.എസ്.ഐ.	11.55
ഗ്രാറ്റുവിറ്റി	41.30
കോ-ഓപ്പറേറ്റീവ് വെൽഫെയർ	2.28
സ്റ്റോഴ്സ്	22.48
എൽ.ഐ.സി.	3.42
ലേബർ വെൽഫെയർ ഫണ്ട്	7.61
ബാങ്ക് ഡിഡക്ഷൻസ്	2.24
ആകെ	880.02

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണം

230 (4221) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായുള്ള നൂൽ ഉല്പാദനം നടക്കുന്നുവോ; ഇല്ലായെങ്കിൽ പ്രസ്തുത നൂൽ ഏത് വർഷം വരെയാണ് ഉല്പാദിപ്പിച്ചിരുന്നതെന്ന് അറിയിക്കുമോ; ഈ ഉല്പാദനം നിർത്തൽ ചെയ്യുവാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly